ടി. കെ. വേലുപ്പിള്ള അവർകൾ ൭൦-ാമത്തെ വയസ്സിൽ ഇന്നലെ രാത്രി ഒരു മണിക്കു് ചരമംപ്രാപിച്ചതായി അറിവുകിട്ടിയിരിക്കുന്നു. അദ്ദേഹം പഴയ ശ്രീമൂലം പ്രജാസഭയിലും, തിരുവിതാംകൂർ നിയമസഭയിലും വളരെക്കാലം ഒരു പ്രമുഖാംഗമായിരുന്നതു കൂടാതെ തിരുവിതാംകൂർ നിയമസഭയിലെ ഒന്നാമത്തെ തിരഞ്ഞെടുക്കപ്പെട്ട ഡെപ്യൂട്ടി പ്രസിഡണ്ടും ആയിരുന്നു. വിദ്യാഭ്യാസാനന്തരം രണ്ടുകൊല്ലം സർക്കാർ സർവ്വീസിൽ പ്രവേശിച്ചു് ജോലി നോക്കിയശേഷം ആ സർവ്വീസിൽനിന്നും രാജിവച്ചു പിരിഞ്ഞു് അദ്ദേഹം തിരുവിതാംകൂർ ഹൈക്കോടതിയിൽ അഭിഭാഷകനായി. ഉത്തമനായ ഒരു അഭിഭാഷകനും, നിയമസഭാംഗവും, എന്ന നിലകളിൽ മാത്രമല്ല അദ്ദേഹം പ്രശസ്തനായിരുന്നതു്. യൂണിവേഴ്സിറ്റി കമ്മറ്റി, എക്കണാമിക്സ് ഡവലപ്പുമെൻറ് ബോർഡ് മുതലായ പല സമിതികളിലും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. തിരുവനന്തപുരം ലാക്കാളേജിൽ പ്രഫസറായും, യൂണിവേഴ്സിറ്റി സെനറ്റമെമ്പറായും അദ്ദേഹം സ്തുത്യർഹമാംവണ്ണം സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. അദ്ദേഹം ലാകാളേജിൽ പ്രഫസറായിരുന്നപ്പോൾ ഞാൻ ലാകാളേജിൽ ഒരു വിദ്യാർത്ഥിയായിരിക്കുകയും അദ്ദേഹത്തിന്റെ വിശിഷ്ടഗുണങ്ങളെപ്പറ്റി എനിക്കു നേരിട്ടറിയുവാൻ സാധിക്കയും ചെയ്തിട്ടുണ്ടു്. അദ്ദേഹം ഒരു ഒന്നാംകിടയിലുള്ള സാഹിത്യകാരനും ആയിരുന്നു. തിരുവിതാംകൂർ സ്റ്റേറ്റമാന്വൽ പരിഷ്കരിച്ചെഴുതിയതു് അദ്ദേഹമായിരുന്നു. അദ്ദേഹത്തിന്റെ വൈശിഷ്ട്യം പരിഗണിച്ചു് സദസ്യതിലകൻ എന്ന ബഹുമതി തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ടു അദ്ദേഹത്തിനു നൽകുകയുണ്ടായി. ആത്മാർത്ഥമായി രാജ്യസേവനം അനുഷ്ഠിച്ചിട്ടുള്ള ഉത്തമപുരുഷന്മാരുടെ ഇടയിൽ അദ്ദേഹത്തിനു അദ്വിതീയമായ ഒരു സ്ഥാനം സിദ്ധിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ സഭക്കുണ്ടായിട്ടുള്ള നഷ്ടവും ഖേദവും രേഖപ്പെടുത്തുകയും നമ്മുടെ സഹതാപം അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെ അറിയിക്കുകയും ചെയ്യേണ്ടതു നമ്മുടെ കടമ മാത്രമാകുന്നു. പരേതനോടുള്ള ബഹുമാനസൂചകമായി സഭ അല്പനേരം എഴുന്നേറ്റുനിന്നു നമ്മുടെ സഹതാപം രേഖപ്പെടുത്തുന്നതു യുക്തമായിരിക്കും.

Accordingly all the Members stood in silence for a minute.

## Adjournment Motion regarding export of yarn by the Alagappa Corporation

**Mr Speaker:** I have received notice of an adjournment motion tabled by Mr. N. D. Jose intimating his intention to move for the adjournment of the business of the House to discuss a matter of urgent public importance, namely, the removal from the State, with the permission of the Department concerned, more than 200 bales of cotton yarn of 60 counts for free sale outside by the "Alagappa Corporation, Ltd., Madras," when the weavers in the State are put to great difficulties for want of 60 counts yarn at fair price.

Has the hon. Minister anything to say on that?

**Sri. K. M. Korah:** I got notice of this motion only a few minutes before eleven and as such I am sorry I am not in possession of all facts. I will try to get all the necessary facts in the course of a day or two and as such I would submit that the consideration of this motion may be taken up on Saturday.

**Mr. Speaker:** It can be taken up for consideration next Saturday and by that time, I hope the hon. Minister will be able to supply the information necessary.

**Sri. Ponnara G. Sreedhar:** Will the hon. Minister be kind enough to see that in the meanwhile the yarn will not be taken out of the State?

LIBRARY ARCHIVES Kerala Legislative Assembly

**Mr. Speaker:** Since the matter has come to the notice of the hon. Minister, he will do the needful.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ നൂൽ വെളിയിൽ കൊണ്ടുപോയാൽ പിന്നെ കാണുകയില്ല. Once the matter is allowed to rest, it would become impossible even for the Government of India to find it out. The hon. Minister should see that the yarn is not taken out.

**Mr. Speaker:** The fact has come to the notice of the hon. Minister and you can rest assured that he will do the needful if any such emergency arises.

## Elections to the South Indian Railway Advisory Committee and the Public Works and Communications Committee

മിസ്റ്റർ സ്പീക്കർ: ഈ സഭയിൽനിന്നു് സൌത്തു് ഇൻഡ്യൻ റയിൽവെ അഡൈസറി കമ്മിറ്റിയിലേക്കു് തിരഞ്ഞെടുത്തിരുന്ന ഡാക്ടർ ഈ. കെ. മാധവൻ തന്റെ നിയമസഭാംഗത്വം രാജിവച്ചിരിക്കുന്നതിനാൽ ഈ കമ്മിറ്റിയിലെ അദ്ദേഹത്തിന്റെ അംഗത്വം അവസാനിച്ചിരിക്കുന്നു. ഡാക്ടർ മാധവനു പകരം ഒരാളെ തിരഞ്ഞെടുക്കുന്നതിനു് ഗവണ്മെൻറിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ടു്.

പൊതുമരാമത്തും ഗതാഗതവും വകുപ്പുകൾക്കു് ഈ സഭയിൽനിന്നും തിരഞ്ഞെടുത്തിരുന്ന സ്റ്റാൻറിംഗ് അഡൈസറി കമ്മിറ്റിയിലെ ഒരു അംഗമായ ശ്രീ. കെ. കെ. വാസുപണിക്കർ തന്റെ നിയമസഭാഗത്വം രാജിവച്ചിരിക്കുന്നതുകൊണ്ടു് ഈ കമ്മിറ്റിയിലെ അദ്ദേഹത്തിന്റെ അംഗത്വം അവസാനിച്ചിരിക്കുന്നു. അദ്ദേഹത്തിനു പകരവും ഒരാളെ തിരഞ്ഞെടുക്കുവാൻ ഗവണ്മെണ്ടിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ടു്.

മേൽപറഞ്ഞ തെരഞ്ഞെടുപ്പുകൾ ആനുപാതികപ്രാതിനിധ്യ തത്വമനുസരിച്ചു കൈമാറ്റം ചെയ്യാവുന്ന ഒറ്റവോട്ടുമൂലം നടത്തുന്നതായിരിക്കും. തിരഞ്ഞെടുപ്പുകൾക്കു് താഴെ പറയുന്ന പ്രോഗ്രാം നിശ്ചയിച്ചിരിക്കുന്നു.

| | | |
|---|---|---|
| ക. | നിയമസഭാ സെക്രട്ടറിയുടെ പക്കൽ നാമനിർദ്ദേശങ്ങൾ നൽകേണ്ടതു് | ക്ടൗ ഒ ക സെപ്തംബർ ഫ ൻ്റാംനു ഉച്ചക്കു് മുമ്പു. |
| ഖ. | നാമനിർദ്ദേശങ്ങളുടെ പരിശോധന | മേൽപറഞ്ഞ തീയതി വൈകുന്നേരം സഭ പിരിഞ്ഞശേഷം സ്പീക്കരുടെ ചേമ്പറിൽവച്ചു. |
| ഗ. | നിർദ്ദേശിക്കപ്പെട്ട ഏതെങ്കിലും അംഗത്തിനു പിൻമാറാനുള്ള സമയം | സെപ്തംബർ ഫ ഒ ാംനു ക ഫ മണിക്കു മുൻപു. |
| ഘ. | തെരഞ്ഞെടുപ്പു വേണമെങ്കിൽ | സെപ്തംബർ ഫ ന ാംനു സഭാനടപടികൾക്കു ശേഷം. |

**Sri. E. Gopalakrishna Menon:** Sir, on a point of information. I had given notice of adjournment motions.

**Mr. Speaker:** They have been disposed of. We shall proceed to Legislative Business.

LIBRARY ARCHIVES Kerala Legislative Assembly